## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

### കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 304-ാം ചട്ട പ്രകാരം ശ്രീ. യു.ആർ. പ്രദീപ് എം. എൽ. എ.-യ്ക്ക് അനുവദിച്ച സബ്മിഷനുള്ള മറുപടി

ചേലക്കര നിയോജക മണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയാണ് ചേലക്കര താലൂക്ക് ആശുപത്രി. 2010-ലാണ് ചേലക്കര സി.എച്ച്.സി -യെ താലൂക്ക് ആശുപത്രിയായി ഉയർത്തിയത്.

ഈ സർക്കാർ അധികാരമേറ്റ ശേഷം ചേലക്കര താലൂക്ക് ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പഴയ വാർഡ് പൊളിച്ച് കളഞ്ഞ് അന്നത്തെ ആലത്തൂർ എം.പി ശ്രീ പി. കെ ബിജുവിന്റെ വികസന ഫണ്ടിൽ നിന്നും 1.25 കോടി രൂപ വകയിരുത്തി പുതിയ വാർഡ് പണിയുകയും 2018-ൽ ഉദ്ഘാടനം നടത്തുകയുമുണ്ടായി ഇതിലേക്കാവശ്യമായ സാധന സാമഗ്രികളും ഫർണീച്ചറുകൾക്കുമായി 10 ലക്ഷം രൂപ എം.പി ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തു. മരുന്നുകൾ ഗുണനിലവാരത്തോട് സൂക്ഷിക്കുന്നതിനായി ഫാർമസിയുടെ ശീതികരണത്തിനായി ഡി.എച്ച്.എസ് -ൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ചു.

എൻ.എച്ച്.എം-ൽ നിന്നും അനുവദിച്ച 3.50 കോടി രൂപയുടെ ആദ്യ ഗഡു എന്ന നിലക്ക് 1.50 കോടി രൂപ വകയിരുത്തി ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം അടക്കമുള്ള കെട്ടിടത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കി തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

എം.എൽ. എ ഫണ്ടിൽ നിന്നും 77 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ടുള്ള ഡയാലിസിസ് കേന്ദ്രം തയ്യാറാക്കുന്ന പ്രവർത്തികൾ പുരോഗമിച്ച് വരുന്നു.

ഈ ആശുപത്രിയുടെ അംഗീകൃത ബെഡ് സ്ട്രെങ്ത് 32 ആണ്. **ആശുപത്രിയുടെ ശരാശരി പ്രതിദിന ഒ.പി 400-ഉം, ഐ.പി 20- ഉം ആണ്.** ഈ ആശുപത്രിയിൽ കിടത്തി ചികിത്സയും 24 മണിക്കൂർ സ്റ്റേ ഡ്യൂട്ടി സർവീസും നിലവിലുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തിക ഇല്ലാത്തതിനാൽ മേൽ പറഞ്ഞ സ്പെഷ്യാലിറ്റി ഡോക്ടർമാർ അടക്കം നൈറ്റ് ഡ്യൂട്ടി നൽകിയാണ് 24 മണിക്കൂർ സ്റ്റേ ഡ്യൂട്ടി സർവ്വീസ് നടത്തി വരുന്നത്.

നിലവിൽ ഈ ആശുപത്രിയിൽ ആകെ 31 **സ്ഥിരം ജീവനക്കാരുണ്ട്.** ഇതിൽ സ്പെഷ്യാലിറ്റി അടക്കമുള്ള 11 **മെഡിക്കൽ ഓഫീസർമാരുടെ** തസ്തികകളും, 20 മറ്റ് **ജീവനക്കാരുടെ** തസ്തികകളും ഉൾപ്പെടുന്നു.

**മെഡിക്കൽ ഓഫീസർമാർ – 11**

| | | | |
|---|---|---|---|
| 1. | സിവിൽ സർജൻ | – | 1 |
| 2. | അസിസ്റ്റന്റ് സർജൻ | – | 5 |
| 3. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | – | 1 |
| 4. | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | – | 1 |
| 5. | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | – | 2 |
| 6. | അസിസ്റ്റന്റ് ഡെന്റൽ സർജൻ | – | 1 |

**മറ്റ് ജീവനക്കാർ – 20**

| | | | |
|---|---|---|---|
| 1. | ഹെഡ് നഴ്സ് | – | 1 |
| 2. | സ്റ്റാഫ് നഴ്സ് | – | 6 |
| 3. | ഫാർമസിസ്റ്റ് | – | 1 |
| 4. | ഡെന്റൽ ഹൈജീനിസ്റ്റ് | – | 1 |
| 5. | ലാബ് ടെക്നീഷ്യൻ | – | 3 |
| 6. | നഴ്സിംഗ് അസിസ്റ്റന്റ് | – | 2 |
| 7. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | – | 1 |
| 8. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | – | 2 |
| 9. | കുക്ക് | – | 1 |
| 10. | പാർട്ട് ടൈം സ്വീപ്പർ (PTC) | – | 2 |

അതിൽ ഒരു ഗൈനക് ഡോക്ടർ ഒഴികെ 10 ഡോക്ടർമാർ നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

ഈ ആശുപത്രിയിൽ **നാഷണൽ ഹെൽത്ത് മിഷൻ** വഴി താഴെപ്പറയുന്ന പ്രകാരം **12 ജീവനക്കാരെ** നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | കാഷ്വലിറ്റി മെഡിക്കൽ ഓഫീസർ | – | 1 |
| 2. | ഡെന്റൽ സർജൻ | – | 1 |
| 3. | സ്റ്റാഫ് നഴ്സ് | – | 4 |
| 4. | JPHN | – | 1 |
| 5. | ഫാർമസിസ്റ്റ് | – | 1 |
| 6. | DATA ENTRY OPERATOR | – | 1 |
| 7. | PRO | – | 1 |
| 8. | ഹോസ്പിറ്റൽ അറ്റൻഡന്റ് | – | 2 |

ആശുപത്രിയിൽ നിലവിൽ പീഡിയാട്രിക്, ഓർത്തോ, ഗൈനക്കോളജി, ഡെന്റൽ എന്നീ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാണ് കൂടുതൽ സ്പെഷ്യാലിറ്റി

തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.